2024 JULY 18 THURSDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY

www.societytodaynews.com

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## സംസ്ഥാനം 2025ൽ 37 ലക്ഷം സ്മാർട് മീറ്റർ സ്ഥാപിക്കും

**തിരുവനന്തപുരം:** സംസ്ഥാനം തന്നെ കരാർ വിളിച്ച്, പണം മുടക്കി മീറ്റർ സ്ഥാപിക്കുന്ന ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ (കാപ്പെക്സ്) മാതൃകയിൽ സ്മാർട് മീറ്റർ പദ്ധതി നടപ്പാക്കാൻ കേരളത്തിനു കേന്ദ്രാനുമതി. കരാർ കമ്പനി മുഴുവൻ തുകയും ചെലവഴിച്ചു മീറ്റർ സ്ഥാപിച്ചു പരിപാലിക്കുകയും ചെലവു തുക ഗഡുക്കളായി തിരിച്ചു പിടിക്കുകയും ചെയ്യുന്ന ടോട്ടൽ എക്സ്പെൻഡിച്ചർ (ടോട്ടെക്സ്) മാതൃകയാണ് കേന്ദ്രം നിർദേശിച്ചിരുന്നത്. ഇതു സ്വീകാര്യമല്ലെന്ന നിലപാടിലായിരുന്നു കേരളം.

വൈദ്യുതി വിച്ഛേദിച്ചതിൽ സംഘർഷം; ജീവനക്കാർക്കെതിരെ തൽക്കാലം നടപടി വേണ്ടെന്ന് ഹൈക്കോടതി

കേന്ദ്രാനുമതി ലഭിച്ചതോടെ ആദ്യഘട്ടമായി 3 ലക്ഷം സ്മാർട് മീറ്റർ വാങ്ങാനുള്ള ടെൻഡറിലേക്കു കടക്കാൻ കെഎസ്ഇബി തീരുമാനിച്ചു. 90,000 ട്രാൻസ്ഫോമറുകൾക്കും എല്ലാ സർക്കാർ ഓഫിസുകൾക്കും വ്യവസായ ഉപയോക്താക്കൾക്കും ആദ്യഘട്ടത്തിൽ സ്മാർട് മീറ്റർ സ്ഥാപിക്കും. സ്വകാര്യ കമ്പനികൾക്കൊപ്പം കെൽട്രോണും ടെൻഡറിൽ പങ്കെടുത്തേക്കും. 2025ൽ കേരളത്തിൽ 37 ലക്ഷം സ്മാർട് മീറ്ററുകൾ സ്ഥാപിക്കുകയാണ് ലക്ഷ്യം.

സ്മാർട് മീറ്റർ സ്ഥാപിച്ചാൽ മാത്രമേ ആർഡിഎസ്എസ് (റീവാംബ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) പദ്ധതിയിലൂടെയുള്ള ധനസഹായം നൽകൂ എന്ന് കേന്ദ്രം നിലപാടെടുത്തിരുന്നു. 4000 കോടിയിലധികം രൂപയാണ് ഇത്തരത്തിൽ ലഭിക്കേണ്ടത്. സ്മാർട് മീറ്റർ സ്ഥാപിക്കാൻ 15% തുക ഗ്രാന്റ് ആയും കേന്ദ്രം നൽകും. ടോട്ടെക്സ് രീതി നടപ്പാക്കണമെന്ന കേന്ദ്രനിർദേശത്തെ സിപിഎം പൊളിറ്റ്ബ്യൂറോയും കെഎസ്ഇബി ജീവനക്കാരുടെ ഭൂരിഭാഗം സംഘടനകളും എതിർത്തിരുന്നു. 2022 ഡിസംബറിൽ ഈ നിലപാട് അറിയിച്ചെങ്കിലും കേന്ദ്രം അനുമതി നൽകാത്തതിനെ തുടർന്നാണ് പദ്ധതി വൈകിയത്.

# സംസ്ഥാനത്ത് ഞായറാഴ്ച വരെ കനത്ത മഴ തുടരും; ഇന്ന് പത്ത് ജില്ലകളിൽ ഓറഞ്ച് അലർട്ട്

**തിരുവനന്തപുരം:** ഞായറാഴ്ച വരെ സംസ്ഥാനത്ത് കനത്ത മഴ തുടരുമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം. പത്ത് ജില്ലകളിൽ ഇന്ന് തീവ്രമഴയ്ക്ക് സാധ്യതയുണ്ട്.

കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. ഇവിടങ്ങളിലെ പ്രളയസാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർ അതീവജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്തനിവാരണ അഥോറിറ്റി അറിയിച്ചു.



തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ടും പ്രഖ്യാപിച്ചതായി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു.

നാളെ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് അലർട്ട് തുടരും.

കേരള, കർണാടക തീരത്തും ലക്ഷദ്വീപ് ഭാഗത്തും കാറ്റിൻറെ വേഗം ചില അവസരങ്ങളിൽ മണിക്കൂറിൽ 45 കിലോമീറ്റർ വരെ ആകാൻ സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ഇനിയൊരറിയിപ്പുണ്ടാകുന്നതു വരെ കടലിൽ പോകരുതെന്നും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പു നൽകി.

## യുപിയിൽ കനത്ത മഴ; 24 മണിക്കൂറിനിടെ 10 പേർ മരിച്ചു

**ലക്നോ:** ഉത്തർപ്രദേശിൽ കനത്ത മഴയെ തുടർന്ന് കഴിഞ്ഞ 24 മണിക്കൂറിനിടെ 10 പേർ മരിച്ചു. സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറുടെ ഓഫീസാണ് ഇക്കാര്യം അറിയിച്ചത്.

മൊറാദാബാദിലും ഗോരഖ്പൂരിലും മൂന്ന് പേർ വീതവും പിലിഭിത്, ലളിത്പൂർ, ഗാസിപൂർ, ഇറ്റാഹ് എന്നിവിടങ്ങളിൽ ഓരോരുത്തരും മരിച്ചു.



സംസ്ഥാനത്തെ 13 ജില്ലകൾ പ്രളയബാധിതമാണെന്നാണ് റിപ്പോർട്ട്. ലഖിംപൂർ ഖേരി, കുശിനഗർ, ഷാജഹാൻപൂർ, ബരാബങ്കി, സിദ്ധാർത്ഥനഗർ, ബല്ലിയ, ഗോരഖ്പൂർ, ഉന്നാവോ, ഡിയോറിയ, ഹർദോയ്, അയോധ്യ, ബുദൗൺ, മഹാരാജ്ഗഞ്ച് എന്നിവയാണ് ഈ ജില്ലകൾ.

ഗോരഖ്പൂരിലെ രപ്തി, സിദ്ധാർത്ഥ് നഗറിലെ ബുദ്ധി രപ്തി, ഗോണ്ടയിലെ ക്വാനോ എന്നീ നദികൾ കരകവിഞ്ഞാണ് ഒഴുകുന്നത്.

## മഹാരാഷ്ട്രയിൽ 12 മാവോയിസ്റ്റുകളെ വധിച്ചു; 6 മണിക്കൂർ നീണ്ട ഏറ്റുമുട്ടൽ

**മുംബൈ :** മഹാരാഷ്ട്രയിൽ ഏറ്റുമുട്ടലിൽ 12 മാവോയിസ്റ്റുകളെ വധിച്ച് സുരക്ഷാസേന. ഗഡ്ചിരോളി ജില്ലയിൽ 6 മണിക്കൂർ നീണ്ട ഓപ്പറേഷനിലാണു മാവോയിസ്റ്റുകളെ വധിച്ചത്. കൊല്ലപ്പെട്ടവരിൽനിന്നു നിരവധി ആയുധങ്ങൾ കണ്ടെടുത്തതായി പൊലീസ് പറഞ്ഞു.

ഛത്തീസ്ഗഡ് അതിർത്തിയോടു ചേർന്ന വന്ദോലി ഗ്രാമത്തിനു സമീപം 15 മാവോയിസ്റ്റുകൾ ക്യാംപ് ചെയ്യുന്നുണ്ടെന്ന് വിവരം ലഭിച്ചിരുന്നു. തുടർന്ന് രാവിലെ പത്തോടെയാണു ഗഡ്ചിരോളിയിൽ മഹാരാഷ്ട്ര പൊലീസ് തിരച്ചിൽ ആരംഭിച്ചത്. ഡപ്യൂട്ടി എസ്പിയുടെ നേതൃത്വത്തിൽ കാടിനുള്ളിലായിരുന്നു ഓപ്പറേഷൻ. ഉച്ചകഴിഞ്ഞാണു മാവോയിസ്റ്റുകളുമായി വെടിവയ്പ് ആരംഭിച്ചത്. പരസ്പരമുള്ള വെടിവയ്പ് 6 മണിക്കൂറിലധികം നീണ്ടു.

മാവോയിസ്റ്റുകളുടെ ആക്രമണത്തിൽ എസ്ഐക്കും ജവാനും പരുക്കേറ്റെങ്കിലും ഗുരുതരമല്ലെന്നാണു വിവരം. ഇവരെ തുടർ ചികിത്സയ്ക്കായി നാഗ്പുരിലേക്ക് മാറ്റി. 12 മാവോയിസ്റ്റുകളുടെ മൃതദേഹം കണ്ടെടുത്തു. 3 എകെ 47, 2 ഇൻസാസ്, 1 കാർബൈൻ, ഒരു എസ്എൽആർ എന്നിവയുൾപ്പെടെയുള്ള ആയുധങ്ങളും പിടികൂടി. മാവോയിസ്റ്റ് ദളത്തിന്റെ ചുമതലയുള്ള വിശാൽ അത്രവും കൊല്ലപ്പെട്ടെന്നാണു വിവരം. മറ്റു 11 പേരെ തിരിച്ചറിഞ്ഞിട്ടില്ലെന്നും പ്രദേശത്തു തിരച്ചിൽ തുടരുകയാണെന്നും പൊലീസ് വ്യക്തമാക്കി.

അഡ്മിഷൻ തുടരുന്നു...



2024–2025

Integrated MBA MCA (5 years)
Qualification: Plus Two

OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation

KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

# സർവീസ് ക്യാമ്പുമായി ബി.എസ്.എച്ച് ഹോം അപ്ലയൻസസ്

**കൊച്ചി** :ഗൃഹോപകരണ വ്യവസായ രംഗത്ത് ആഗോള തലത്തിൽ മുൻനിരയിലുള്ള ബി.എസ്.എച്ച് ഹോം അപ്ലയൻസസ് വീട്ടുപകരണങ്ങൾക്കായി 2024 ജൂലൈ 15 മുതൽ 20 വരെ കേരളത്തിൽ സർവീസ് ക്യാമ്പ് നടത്താൻ ഒരുങ്ങുകയാണ്. കേരളം കോരിച്ചൊരിയുന്ന മഴയെ നേരിടുകയാണ്, ഉപഭോക്താക്കൾക്ക് തങ്ങളുടെ വീട്ടുപകരണങ്ങളുടെ തടസ്സമില്ലാത്ത പ്രവർത്തനത്തിന് സംഭാവന ചെയ്യുന്നതായ നല്ല കണ്ടീഷനിൽ നിലനിർത്താൻ സഹായിക്കുന്ന സേവനങ്ങളിലേക്ക് പ്രാപ്യത ഉണ്ടെന്ന് ഈ സംരംഭം ഉറപ്പാക്കും. കേരളത്തിലെ കണ്ണൂർ, വടകര, തിരൂർ, പട്ടാമ്പി, പാലക്കാട്, കൊട്ടാരക്കര കാഞ്ഞങ്ങാട്, കുന്നംകുളം, പാലാ, ഒപ്പം പത്തനംതിട്ട തുടങ്ങി എല്ലാ വിപണികളിലും സേവന കാമ്പയിൻ സംഘടിപ്പിക്കും.

# വിമുക്തഭടന്മാർക്കും ആശ്രിതർക്കും സൗജന്യ മൊബൈൽ ഫോൺ ടെക്നോളജി, വീഡിയോ എഡിറ്റിംഗ് പരിശീലനം

**കൊച്ചി:** വിമുക്തഭടന്മാർക്കും അവരുടെ ആശ്രിതർക്കുമായി സംസ്ഥാന സർക്കാരിന്റെ സൈനിക ക്ഷേമ വകുപ്പും ഐ.സി.ടി. അക്കാദമി ഓഫ് കേരളയും സംയുക്തമായി എറണാകുളം ജില്ലയിൽ സൗജന്യ മൊബൈൽ ഫോൺ ടെക്നോളജി, വീഡിയോ എഡിറ്റിംഗ് പരിശീലനം സംഘടിപ്പിക്കുന്നു.പൊതുസ്വകാര്യ മേഖലയിലെ സ്ഥാപനങ്ങളിലേക്ക് തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം. ഓഫ്‌ലൈനായി നടത്തുന്ന ഈ പ്രോഗ്രാമുകളുടെ ദൈർഘ്യം ഒരു മാസമാണ്.താത്പര്യമുള്ളവർ dswplan-fund2024@gmail.com എന്ന ഈമെയിൽ വിലാസത്തിൽ നിങ്ങളുടെ ബയോഡാറ്റ അയക്കുക. കൂടുതൽ വിവരങ്ങൾക്ക് +91 95 671 26304, 471 2304 980 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

ഇതോടൊപ്പം, ഐ.ടി. രംഗത്ത് മികച്ച തൊഴിൽ ആഗ്രഹിക്കുന്നവർക്കായി ഡിജിറ്റൽ മാർക്കറ്റിംഗ് വിത്ത് എ.ഐ., റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ, ഫ്ലട്ടർ ഡെവലപ്പർ തുടങ്ങി നിലവിൽ തൊഴിലവസരങ്ങൾ ഏറെയുള്ള വിവിധ സർട്ടിഫിക്കേഷൻ പ്രോഗ്രാമുകളിലേക്കും ഇപ്പോൾ അപേക്ഷിക്കാം. അക്കാദമിയുടെ പത്താം വാർഷികം പ്രമാണിച്ച് സർക്കാർ ഉദ്യോഗസ്ഥർക്കും ആശ്രിതർക്കും പ്രത്യേക സ്കോളർഷിപ്പോടെ നൈപുണ്യ പരിശീലനം നേടാം. വിശദവിവരങ്ങൾക്ക്: +91 75 940 51437.



# കൊച്ചി ഫിലിം ഫെസ്റ്റിവൽ വെബ് സൈറ്റ് ആരംഭിച്ചു

**കൊച്ചി:** മൂന്നു മാസം നീണ്ടുനിൽക്കുന്ന കൊച്ചി ഇൻറർനാഷണൽ എൻ എഫ് ആർ ഫിലിം ഫെസ്റ്റിവൽ വെബ് സൈറ്റിൻറെ ഉദ്ഘാടനം ചലച്ചിത്രനടനും സംവിധായകനുമായ പൃഥിരാജ് സുകുമാരൻ നിർവഹിച്ചു.

ഫെസ്റ്റിവൽ ഡയറക്ടർ ഡോ. ജെയ്ൻ ജോസഫ്, എക്സിക്യൂട്ടീവ് ഡയറക്ടർ ലിയോ തദ്ദേവൂസ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ധർമ്മം, നീതി, സന്തോഷം എന്നീ വിഷയങ്ങൾ പ്രമേയമാക്കി സംഘടിപ്പിച്ചിരിക്കുന്ന ഫെസ്റ്റിവലിനും ഈ സംരംഭത്തിൽ പങ്കെടുക്കുന്ന നവ സംവിധായകർക്കും, സാങ്കേതിക വിദഗ്ധർക്കും, ക്രിയേറ്റീവ് ആളുകൾക്കും എല്ലാവിധ വിജയങ്ങളും പൃഥിരാജ് ആശംസിച്ചു. ഗ്ലോബൽ ഫിലിം പിച്ച് ഫെസ്റ്റിവൽ, ഇൻഡസ്ട്രി ഇൻവെസ്റ്റേഴ്സ് ഇൻക്യുബേറ്റർ, ഗ്ലോബൽ ഫിലിം കോൺക്ലേവ്സ് തുടങ്ങിയ ഏഴ് വ്യത്യസ്ത ശൃംഖലകൾ മേളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കല, സംസ്കാരം, സിനിമാറ്റിക് മികവ് എന്നിവയിൽ നടക്കുന്ന മൂന്ന് ദിവസത്തെ ഗ്രാൻറ് സമ്മിറ്റോടെ ഫെസ്റ്റിവൽ സമാപിക്കും. യുവ തലമുറക്കും സിനിമയെ സ്നേഹിക്കുന്നവർക്കും മഹത്തായ അവസരമായിരിക്കും ഈ ഫെസ്റ്റിവലെന്ന് ചെയർമാൻ സിബി മലയിൽ അറിയിച്ചു.



ചികിത്സക്ക് നേതൃത്വം നൽകിയ ഡോക്ടർമാരും സ്റ്റാഫ് അംഗങ്ങളും.

## പൾമനറി എംബോളിസത്തിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

# ആധുനിക ചികിത്സ ലിസി ആശുപത്രിയിൽ വിജയകരമായി പൂർത്തിയാക്കി

**കൊച്ചി:**കാലുകളിലെ ഞരമ്പുകളിൽ ഉണ്ടാകുന്ന രക്തക്കട്ടകൾ ഹൃദയത്തിന്റെ വലതുവശത്തെ അറകളിലൂടെ സഞ്ചരിച്ച് ശ്വാസകോശത്തിന്റെ രക്തധമനികളിൽ പെട്ടെന്ന് അടിഞ്ഞുകൂടുന്ന അവസ്ഥയാണ് പൾമനറി എംബോളിസം. അടിഞ്ഞുകൂടുന്ന രക്തക്കട്ടയുടെ തോതനുസരിച്ച് പെട്ടെന്നുള്ള മരണം വരെ സംഭവിക്കാവുന്ന രോഗാവസ്ഥയാണിത്. ഈ രക്തക്കട്ടകളെ മരുന്നുകൾ കൊണ്ട് ലയിപ്പിച്ച് കളയുക എന്നതാണ് കാലാകാലങ്ങളായി നിലനിൽക്കുന്ന ചികിത്സാരീതി. എന്നാൽ ഇത്തരം രക്തക്കട്ടകളെ പലവിധ മാർഗങ്ങൾ ഉപയോഗിച്ച് വലിച്ചെടുത്ത് കളയുന്ന ചികിത്സാരീതികൾ പുതിയതായി നടപ്പാക്കി വരുന്നുണ്ട്. ഇത്തരം ചികിത്സാ രീതികളെ കത്തീറ്റർ ഡയറക്ടഡ് തെറാപ്പീസ് എന്നാണ് പറയുന്നത്. ഇത്തരം ചികിത്സകളിൽ വളരെ വലുപ്പം കൂടിയ ട്യൂബുകൾ ഉപയോഗിക്കുന്നതുകൊണ്ട് വലിയ തോതിലുള്ള രക്തനഷ്ടം ഉണ്ടാകുവാനുള്ള സാധ്യതകൾ ഏറെയാണ്. ഈ വെല്ലുവിളി ഒഴിവാക്കുവാനായി ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഈ കുഴലുകൾ ഇപ്പോൾ പുതിയതായി രൂപകൽപ്പന ചെയ്തിട്ടുണ്ട്. പെനമ്പ്ര എന്നാണ് ഈ നൂതന സംവിധാനം അറിയപ്പെടുന്നത്. പെനമ്പ്ര സംവിധാനം ഉപയോഗിക്കുമ്പോൾ അക അസിസ്റ്റഡ് കത്തീറ്ററുകൾ രക്ത




പൾമനറി രക്തധമനികളിൽ നിന്നും നീക്കം ചെയ്ത 20 സെന്റിമീറ്റർ നീളമുള്ള രക്തക്കട്ടകൾ

ക്കട്ടകളുമായി സമ്പർക്കം ഉണ്ടാകുമ്പോൾ മാത്രം പ്രവർത്തനക്ഷമം ആകുകയും രക്തവുമായി സമ്പർക്കത്തിൽ വരുമ്പോൾ വലിച്ചെടുക്കൽ പ്രക്രിയ തനിയെ നിൽക്കുകയും ചെയ്യുന്നു. രക്തം നഷ്ടപ്പെടുവാനുള്ള സാധ്യത അതുവഴി ഗണ്യമായി കുറയ്ക്കുന്നു.

ഇത്തരത്തിൽ അക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള മെക്കാനിക്കൽ ചികിത്സ ലിസി ആശുപത്രിയിൽ വിജയകരമായി പൂർത്തീകരിച്ചു. കൊച്ചിയിലെ ഒരു സ്വകാര്യ ആശുപത്രിയിൽ ഒരു സർജറിക്ക് വിധേയയായ ഫോർട്ട് കൊച്ചി സ്വദേശിയായ 68 കാരിക്ക് പൾമനറി എംബോളിസം സംശയിക്കപ്പെട്ടു ലിസി ആശുപത്രിയിലേക്ക് വിടുകയാണ് ഉണ്ടായത്. ശസ്ത്രക്രിയ നടത്തി അധിക ദിവസം ആകാതിരുന്നത് കൊണ്ട് രക്തം കട്ടപിടിക്കാതിരിക്കാനുള്ള മരുന്നുകൾ ഉപയോഗിക്കുന്നതിന് പരിമിതികൾ ഉണ്ടായിരുന്നു. മരുന്നുകൾ ഉപയോഗിച്ച് ചികിത്സ തുടങ്ങിയെങ്കിലും രോഗിയുടെ അവസ്ഥ കൂടുതൽ മോശമായതിനെ തുടർന്ന് അക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മെക്കാനിക്കൽ ത്രോമ്പേക്ടമി ചികിത്സ നടത്തുവാൻ ഡോക്ടർമാർ തീരുമാനിക്കുകയായിരുന്നു. ഈ ചികിത്സയിലൂടെ ഏകദേശം ഇരുപത് സെന്റീമീറ്റർ നീളമുള്ള രക്തക്കട്ടകളാണ് രോഗിയുടെ രണ്ട് പൾമനറി ധമനികളിൽ നിന്നും പുറത്തെടുത്തത്. സാധാരണ രീതിയിൽ രണ്ടു ലിറ്ററോളം രക്തനഷ്ടം ഉണ്ടാകാനിടത്ത് ഈ നൂതന ചികിത്സാരീതി ഉപയോഗിച്ചത് കൊണ്ട് 400 മില്ലി ലിറ്റർ രക്തനഷ്ടം മാത്രമാണ് ഉണ്ടായത്.

ഡോ. ജോ ജോസഫ്, ഡോ. ലിജേഷ് കുമാർ, ഡോ. ജി.വി.എൻ. പ്രദീപ്, ഡോ. എച്ച്. ശ്രീജിത്ത്, എ.ജെ. വിൽസൺ, ജിബിൻ തോമസ്, സിസ്റ്റർ ബെറ്റി എന്നിവരുടെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘമാണ് ഈ ചികിത്സയിൽ പങ്കാളികളായത്.

# ഇസ്രായേലിലേക്ക് ഇന്ത്യൻ വിനോദ സഞ്ചാരികളും, തീർത്ഥാടകരും എത്തിത്തുടങ്ങി

**കൊച്ചി:** അൽപകാലത്തെ ഇടവേളക്ക് ശേഷം ഇസ്രയേൽ ഉൾപ്പെടുന്ന നാടുകളിലേക്ക് ഇന്ത്യയിൽ നിന്നുൾപ്പെടെ തീർത്ഥാടകർ എത്തി തുടങ്ങിയെന്ന് ഇന്ത്യയിലെ ഇസ്രയേൽ ടൂറിസം ഡയറക്ടർ അമൃത ബംഗാര അവകാശപ്പെട്ടു.

കൊച്ചിയിൽ സീറോ മലബാർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലിനെ സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അമൃത ബാംഗാര.

ഇസ്രയേൽ ഉൾപ്പെടുന്ന പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ഇപ്പോൾ വിനോദ സഞ്ചാരത്തിനും, തീർത്ഥാടനത്തിനും പറ്റിയ സാഹചര്യമാണ് ഉള്ളതെന്നും അവർ പറഞ്ഞു.

ഒരിടവേളയ്ക്ക് ശേഷം കേരളത്തിലെ വിവിധ ക്രൈസ്തവ വിഭാ



ഗങ്ങളിൽ നിന്ന് നിരവധിപേർ വിശുദ്ധ നാടുകൾ സന്ദർശിക്കാൻ പോയിത്തുടങ്ങിയെന്ന് മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ ചൂണ്ടിക്കാട്ടി.

ക്രൈസ്തവരുടെ വിശുദ്ധ നാട് സന്ദർശനത്തിന് സർക്കാർ സബ്സിഡി അനുവദിക്കണമെന്ന കാര്യം കേന്ദ്ര ന്യൂന പക്ഷ ക്ഷേമ മന്ത്രി ജോർജ്ജ് കുര്യനോട് ആവശ്യപ്പെടുമെന്ന് മേജർ ആർച്ച് ബിഷപ്പ് അറിയിച്ചു.

ഇസ്രയേൽ ടൂറിസത്തിന്റെ ഇന്ത്യയിൽ നിന്നുള്ള അംബാസിഡർ ഫാ. സ്ലീബാ കാട്ടുമങ്ങാട്, ഹോളി ലാൻഡ് പിൽഗ്രിമേജ് അസോസിയേഷൻ വൈസ് പ്രസിഡന്റ് ജോസ് സ്ളീബാ എന്നിവരും ഇസ്രയേൽ ടൂറിസം ഡയറക്ടർക്ക് ഒപ്പമുണ്ടായിരുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# യെസ്ഡി റോഡ്സ്റ്ററിൽ ട്രയൽ പായ്ക്ക് അവതരിപ്പിച്ച് ജാവ യെസ്ഡി

**കൊച്ചി:** രാജ്യത്തുടനീളമുള്ള മോട്ടോർസൈക്കിൾ പ്രേമികളുടെ ഇഷ്ട മോഡലായ യെസ്ഡി റോഡ്സ്റ്ററിൽ ട്രയൽ പായ്ക്ക് അവതരിപ്പിച്ച് ജാവ യെസ്ഡി മോട്ടോർസൈക്കിൾസ്. മികച്ച പ്രകടനത്തിനും, മനോഹാരിതക്കും പേരുകേട്ട യെസ്ഡി റോഡ്സ്റ്റർ ഇനി ട്രയൽ പായ്ക്കിനൊപ്പം ലഭ്യമാവും. പരിമിത കാലത്തേക്ക് ഒരു സ്റ്റാൻഡേർഡ് ആക്സസറിയായിട്ടായിരിക്കും ഈ ഓഫർ ലഭ്യമാവുക.



16,000 രൂപ വിലമതിക്കുന്ന ട്രയൽ പായ്ക്ക് യെസ്ഡി റോഡ്സ്റ്റർ വാങ്ങുമ്പോൾ അധിക ചെലവില്ലാതെ തന്നെ ഉപഭോക്താക്കൾക്ക് ലഭ്യമാവും. യെസ്ഡി റോഡ്സ്റ്ററിൻറെ പ്രകടനവും വൈദഗ്ധ്യവും വർധിപ്പിക്കുന്നതിനാണ് ഈ സമഗ്രമായ പായ്ക്ക് രൂപകൽപന ചെയ്തിരിക്കുന്നത്. ട്രയൽ പായ്ക്ക് ഉൾപ്പെടുത്തുന്നതിലൂടെ യാത്ര കൂടുതൽ സുഖകരവും സുരക്ഷിതമാവുകയും ചെയ്യും.

ദൈർഘ്യമേറിയതോ ചെറുതോ ആയ യാത്രകളിൽ അവശ്യസാധനങ്ങൾ കൊണ്ടുപോകാൻ അനുയോജ്യമായ സാഡിൽ ബാഗുകൾ , കൂടുതൽ സുഖപ്രദമായ റൈഡിനായി റോഡ്സ്റ്റർ വൈസർ കിറ്റ്, ഓഫ് റോഡ് അഡ്വഞ്ചറിന് സഹായകരമായ ഹെഡ്ലാമ്പ് ഗ്രിൽ , ദീർഘദൂര യാത്രകളിൽ അത്യാവശ്യമായ പില്യൺ ബാക്ക്റെസ്റ്റ്, റൈഡർക്കും വാഹനത്തിനും അധിക പരിരക്ഷ നൽകുന്ന ക്രാഷ് ഗാർഡ്, ബൈക്ക് കവർ തുടങ്ങിയവ ഉൾപ്പെടുന്നതാണ് ട്രയൽ പായ്ക്ക്.

ട്രയൽ പാക്കിനൊപ്പം യെസ്ഡി റോഡ്സ്റ്റർ 2.09 ലക്ഷം രൂപ (എക്സ്ഷോറൂം) വിലയിൽ ലഭ്യമാവും.

# വിപിഎസ് ലേക്ഷോറിന്റെ 'അമ്മയ്ക്കൊരു കരുതൽ' ജില്ലാതല ക്യാമ്പ് 21ന്

**കൊച്ചി :** വിപിഎസ് ലേക്ഷോർ ഹോസ്പിറ്റലിന്റെ 'അമ്മയ്ക്കൊരു കരുതൽ' സംസ്ഥാനതല ആരോഗ്യ പദ്ധതിയുടെ ജില്ലാതല ക്യാമ്പ് ഉദ്ഘാടനം ജൂലൈ 21ന് മട്ടാഞ്ചേരിയിൽ നടക്കും. ഞായറാഴ്ച രാവിലെ 9:30ന് മട്ടാഞ്ചേരി, കൂവപ്പാടം യോഗ്യപൈ നാരായണ പൈ ട്രസ്റ്റ് ഓഡിറ്റോറിയത്തിൽ ആരംഭിക്കുന്ന ക്യാംപ് മേയർ എം അനിൽകുമാർ ഉദ്ഘാടനം ചെയ്യും.

എംഎൽഎ കെ ജെ മാക്സി മുഖ്യ അതിഥിയാകും. കൊച്ചി കോർപറേഷൻ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ടി കെ അഷ്റഫ്, കൊച്ചി കോർപറേഷൻ പ്രതിപക്ഷ നേതാവ് അഡ്വക്കേറ്റ് ആന്റണി കുരീത്തറ എന്നിവർ പങ്കെടുക്കും. വിപിഎസ് ലേക്ഷോർ മാനേജിങ് ഡയറക്ടർ എസ് കെ അബ്ദുള്ള അധ്യക്ഷത വഹിക്കും. സംസ്ഥാനമുടനീളം 5,000 അമ്മമാർക്ക് സൗജന്യമായി ഗർഭാശയമൂത്രാശയ രോഗനിർണ്ണയം നടത്തുകയും 500 സ്ത്രീകൾക്ക് ശസ്ത്രക്രിയ നൽകുന്നതാണ് പദ്ധതി.

കൊച്ചിൻ പാലിയേറ്റീവ് കെയർ ടീമുമായി സഹകരിച്ച് നടത്തുന്ന ജില്ലാതല ക്യാംപിൽ 200 അമ്മമാരെ പരിശോധിക്കുകയും തുടർ ചികിത്സ ആവശ്യമായി വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സർജറി ലേക്ഷോർ ഹോസ്പിറ്റൽ ഏറ്റെടുക്കുന്നതുമാണ്.

പദ്ധതിയുടെ കോഴിക്കോട്, മരട് എന്നിവിടങ്ങളിൽ നടന്ന ക്യാമ്പിൽ 300 ഓളം പേർ പങ്കെടുക്കുകയുകയും, അതിൽ രോഗം സ്ഥിതീകരിച്ച 42 പേർക്ക് ലേക്ഷോർ ഹോസ്പിറ്റൽ ഇതിനോടകം സൗജന്യമായി സർജറി ചെയ്തു കഴിഞ്ഞു.

# കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സേവനങ്ങൾ സൗജന്യമായി എംപാനൽഡ് ആശുപത്രികളിൽ ലഭ്യം

**തിരുവനന്തപുരം:** കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സജ്ജമാക്കിയിട്ടുള്ള ഗഅടജ കിയോസ്ക്കുകൾ മുഖേന മാത്രമാണ് പദ്ധതിയുടെ അനുബന്ധ സേവനങ്ങൾ ലഭ്യമാക്കുന്നതെന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി അറിയിച്ചു. എന്നാൽ അനധികൃതമായി പ്രാദേശികമായി സംഘടിപ്പിക്കുന്ന ക്യാമ്പുകൾ മുഖേന പുതിയ അംഗങ്ങളെ ചേർക്കുന്നുവെന്നും കാർഡ് പുതുക്കി നൽകുന്നുവെന്നും തെറ്റായ സന്ദേശം പ്രചരിപ്പിച്ച് കാർഡ് പ്രിന്റ് ചെയ്ത് നൽകി പണം കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ കാർഡുകൾ പ്രിന്റ് ചെയ്തു നൽകുന്നത് നിയമവിരുദ്ധമാണ്. ഇത്തരം നിയമലംഘനങ്ങൾക്കെതിരെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നിയമ നടപടി സ്വീകരിക്കും.

പദ്ധതിയിൽ ഗുണഭോക്താക്കളെ പുതുതായി ഉൾപ്പെടുത്താനോ കാർഡ് പ്രിന്റ് ചെയ്ത് നൽകാനോ പദ്ധതി നടത്തിപ്പ് ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മറ്റു ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ സർക്കാരിന്റെ ഔദ്യോഗിക അറിയിപ്പ് ലഭിക്കാത്ത പക്ഷം ഇത്തരം ഏജൻസികൾ നടത്തുന്ന നിയമവിരുദ്ധമായ എൻറോൾമെന്റ് ക്യാമ്പുകളിൽ പങ്കെടുക്കരുത്.

ഇത്തരത്തിൽ പണം നൽകി കാർഡ് പ്രിന്റ് ചെയ്ത് വഞ്ചിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളിൽനിന്നും കാർഡുകളും അനുബന്ധ സേവനങ്ങളും ചികിത്സാ വേളയിൽ ഗുണഭോക്താക്കൾക്ക് സൗജന്യമായി ലഭിക്കും. ഇതുവരെ സംസ്ഥാനത്തെ 43 ലക്ഷം കുടുംബങ്ങൾക്ക് പദ്ധതിയുടെ ചികിത്സാ കാർഡ് ഇത്തരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാന ആരോഗ്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (എസ്.എച്ച്.എ) യിലൂടെ നടപ്പിലാക്കുന്ന ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കൾക്ക് സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയാണ്. പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലൂടെയാണ് സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നത്. പദ്ധതിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് ദിശ ടോൾ ഫ്രീ നമ്പറുകളായ 1056/ 104 ൽ ബന്ധപ്പെടാം.

# ജീവൻ സുരക്ഷാ ഇൻഷുറൻസ് എൽഐസി ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് ലിമിറ്റഡുമായി ധാരണയിൽ

**കൊച്ചി:** 2047 ഓടെ രാജ്യത്തെ എല്ലാവർക്കും ജീവൻ സുരക്ഷാ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് ഐഡിഎഫ്സി ഫസ്റ്റ് ബാങ്കുമായി ധാരണാപത്രത്തിൽ ഒപ്പിട്ട് എൽഐസി. ബാങ്കാഷുറൻസ് വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഐഡിഎഫ്സി ഫസ്റ്റ് ബാങ്കുമായി എൽ ഐ സി ധാരണയിലെത്തിയിട്ടുള്ളത്. ഇതുപ്രകാരം ബാങ്കിന്റെ ഒരു കോടിയിലധികം ഉപഭോക്താക്കൾക്ക് ബാങ്ക് വഴി തന്നെ എൽഐസി പോളിസികൾ വാങ്ങാൻ സാധിക്കും.

ഡിജിറ്റൽ ഓൺബോർഡിംഗ് സംവിധാനം പൂർത്തിയാകുന്നതോടെ ഉപഭോക്താക്കൾക്ക് ബാങ്കിന്റ വെബ്സൈറ്റിലൂടെ എൽഐസ് പോളിസികൾ ഓൺലൈനായി വാങ്ങാനാവും. എൽഐസിയുടെ 3600ലധികം ശാഖകളുടെയും സാറ്റലൈറ്റ് ഓഫീസുകളുടെയും ഐഡിഎഫ്സി ഫസ്റ്റ് ബാങ്കിന്റെ 1000ലധികം ശാഖകളുടെയും സംയോജിതമായ പ്രവർത്തനം 2047ഓടെ എല്ലാവർക്കും ലൈഫ് ഇൻഷുറൻസ് പരിരക്ഷ എന്ന ലക്ഷ്യം എളുപ്പത്തിൽ പൂർത്തിയാക്കാൻ സഹായകരമാകും.

എൽഐസിയുടെ മികച്ച ഉൽപ്പന്നങ്ങൾ തിരഞ്ഞെടുക്കാൻ ഐഡിഎഫ്സി ഫസ്റ്റ് ബാങ്കിന്റെ ഉപഭോക്താക്കൾക്ക് ഈ പങ്കാളിത്തത്തിലൂടെ എളുപ്പം കഴിയുമെന്ന് എൽഐസി എംഡി ആർ. ദൊരൈസ്വാമി പറഞ്ഞു.

സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കുമായിട്ടുള്ള ആന്വിറ്റി, യുലിപ്, സേവിംഗ്സ്, ടേം ഇൻഷുറൻസ് തുടങ്ങി വിവിധ ഉൽപ്പന്നങ്ങൾ എൽഐസി ഇതിനകം അവതരിപ്പിച്ചിട്ടുണ്ട്.

# ഇസാഫ് ബാങ്ക് എംഡിയായി കെ പോൾ തോമസിനെ പുനർനിയമിക്കാൻ റിസർവ് ബാങ്ക് അനുമതി



**കൊച്ചി:** തൃശൂർ ആസ്ഥാനമായുള്ള ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ മാനേജിങ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ കെ പോൾ തോമസിന്റെ പുനർനിയമനത്തിന് റിസർവ് ബാങ്ക് അനുമതി നൽകി. ഓഹരി ഉടമകളുടെ അംഗീകാരത്തിന് അനുസൃതമായി പുനർനിയമനം നടത്തും. ഇസാഫ് ബാങ്കിന് പുറമേ, മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ സംഘടനയും നിയന്ത്രണ ബോഡിയുമായ സാധന്റെ ചെയർപേഴ്സണായും കെ പോൾ തോമസ് പ്രവർത്തിക്കുന്നു



സൊസൈറ്റി ടുഡേ
SOCIETY TODAY

## മഴക്കാലത്ത് പ്രതിരോധ ശേഷിയുള്ള ഭക്ഷണം കഴിക്കണം

**കൊച്ചി:** മഴ ശക്തമായതോടെ പനി പോലുള്ള പകർച്ചവ്യാധികൾ തടയാൻ ബദാം, മഞ്ഞൾ, ഇഞ്ചി തുടങ്ങിയ പോഷക സമ്പുഷ്ടമായ ഇനങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് രോഗപ്രതിരോധ ശേഷി വർധിപ്പിക്കാൻ സഹായിക്കുമെന്ന് പ്രശ്സത് ന്യൂട്രീഷ്യനിസ്റ്റ് ഡോ.രോഹിണി പാട്ടീൽ. മൺസൂൺകാലത്ത് കഴിക്കുന്ന ഭക്ഷണങ്ങളിൽ വിറ്റാമിനുകളും ധാതുക്കളും ആന്റിഓക്സിഡന്റുകളും അടങ്ങിയിരിക്കണമെന്നും അവർ ശുപാർശ ചെയ്തു. ഇത് സാധാരണ രോഗങ്ങളെ തടയാനും മൊത്തത്തിലുള്ള ക്ഷേമത്തിന് ആവശ്യമായ പോഷകങ്ങൾ നൽകാനും സഹായിക്കും. ആരോഗ്യകരമായ കൊഴുപ്പുകൾ, പ്രോട്ടീൻ, സിങ്ക്, മഗ്നീഷ്യം, വിറ്റാമിൻ ഇ തുടങ്ങിയ 15 അവശ്യ പോഷകങ്ങളാൽ സമ്പന്നമാണ് ബദാം. ദൈനംദിന ഭക്ഷണത്തിൽ ബദാം ഉൾപ്പെടുത്തുന്നത് പ്രതിരോധശേഷി വർധിപ്പിക്കാനും നല്ല ചർമ ആരോഗ്യം നിലനിർത്താനും ശരീരഭാരം ഫലപ്രദമായി നിയന്ത്രിക്കാനും സഹായിക്കും. ആന്റിഇൻഫൽമേറ്ററി, ആന്റിഓക്സിഡന്റ് ഗുണങ്ങൾക്ക് പേരുകേട്ട മഞ്ഞൾ പ്രതിരോധശേഷി വർധിപ്പിക്കുകയും അണുബാധകളെ ചെറുക്കുകയും ചെയ്യും. ദഹനത്തെ പിന്തുണയക്കാനും, വീക്കം കുറയ്ക്കാനും ഇഞ്ചി ഉൾപ്പെടുത്തിയ ഭക്ഷണം കഴിക്കുന്നത് ഗുണകരമാവും. അലിസിൻ പോലുള്ള സംയുക്തങ്ങൾ വെളുത്തുള്ളിയിൽ അടങ്ങിയിട്ടുണ്ട്. ഇത് രോഗപ്രതിരോധ ശേഷി വർധിപ്പിക്കും. ആന്റി ഓക്സിഡന്റുകൾ നിറഞ്ഞ ഗ്രീൻ ടീ, സിട്രസ് പഴങ്ങൾ, പപ്പായ, മധുരക്കിഴങ്ങ് തുടങ്ങിയവയും മൺസൂൺ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് ഏറെ ഗുണം ചെയ്യുമെന്നും അവർ കൂട്ടിച്ചേർത്തു.

## എക്കാലത്തെയും ഉയർന്ന അറ്റാദായവുമായി എൽ ആൻഡ് ടി ഫിനാൻസ്

**കൊച്ചി:** രാജ്യത്തെ പ്രമുഖ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളിലൊന്നായ എൽ ആൻഡ് ടി ഫിനാൻസ് 2024 ജൂൺ 30ന് അവസാനിച്ച ആദ്യ പാദത്തിൽ എക്കാലത്തെയും ഉയർന്ന അറ്റാദായം രേഖപ്പെടുത്തി. ഇക്കാലയളവിൽ അറ്റാദായം 29% വർധിച്ച് 686 കോടി രൂപയായി. ത്രൈമാസ റീട്ടെയിൽ വായ്പാ വിതരണം 30% വർധിച്ച് 14,839 കോടി രൂപയായും റീട്ടെയിൽ ബുക്ക് 33% കൂടി 84,444 കോടി രൂപയായും വർധിച്ചു. 31% ആണ് വാർഷിക വളർച്ച. കമ്പനിയുടെ ഡിജിറ്റൽ ചാനലായ പ്ലാനറ്റ് ആപ്പ് ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടെ 12 ലക്ഷം ഡൗൺലോഡ് നേടിയെന്നും തിരഞ്ഞെടുക്കപ്പെട്ട 200 ഡീലർമാരുടെ ശൃംഖലയിലൂടെ നൂതന ഡിജിറ്റൽ സൊലൂഷൻ വഴി 25 സ്ഥലങ്ങളിൽ ഇരുചക്ര വാഹന വായ്പകൾ നൽകിയെന്നും എൽ ആൻഡ് ടി ഫിനാൻസ് എംഡിയും സിഇഒയുമായ സുദീപ്ത റോയ് പറഞ്ഞു. ഇതിനു പുറമെ സമ്പൂർണ ഭവനവായ്പാ കാംപെയ്നും കമ്പനി തുടക്കം കുറിച്ചു.

ഗ്രാമീണ ഫിനാൻസ് ഇക്കാലയളവിൽ 28% വർധിച്ച് 4511 കോടി രൂപയിൽനിന്ന് 5,773 കോടി രൂപയായി. കർഷകർക്കുള്ള വായ്പകൾ 1,757 കോടി രൂപയിൽനിന്ന് 1,903 കോടിയിലേക്ക് ഉയർന്നു. 8% വർധന.

## വിൻസോ എഫ്ജിവി ഇഎഇഎസ്പി സഹകരണം

**കൊച്ചി:** ഇന്ത്യയുടെ ഏറ്റവും വലിയ പ്രാദേശിക ഭാഷാ വിനോദ സംവിധാനമായ വിൻസോ ലാറ്റിൻ അമേരിക്കയുടെ മുൻനിര വിദ്യാഭ്യാസ സ്ഥാപനമായ എഫ്ജിവി ഇഎഇഎസ്പിയുമായി തന്ത്രപരമായ ധാരണയ്ക്കു തുടക്കം കുറിച്ചു. ബ്രസീലിൽ വൻതോതിൽ മുന്നേറുകയും പ്രാദേശികമായി ജീവനക്കാരെ നിയോഗിക്കുകയും ചെയ്യുന്നതിന് ഇതു വഴിയൊരുക്കും.

മെയ്ഡ് ഇൻ ഇന്ത്യ ഗെയിമുകളും സാങ്കേതികവിദ്യയും ലാറ്റിൻ അമേരിക്കയിൽ വിപുലമാക്കാൻ വിൻസോ 50 ദശലക്ഷം ഡോളറിൻറെ നിക്ഷേപവും നടത്തും. ലാറ്റിൻ അമേരിക്കയിലെ സുപ്രധാന ഗെയിം ഈവൻറായ ഗെയിംസ്കോം ലതാമിൽ ഇതാദ്യമായി ഒരു ഇന്ത്യൻ പവിലിയൻ അവതരിപ്പിച്ചു കൊണ്ടാണ് വിൻസോ ഈ നീക്കങ്ങൾ നടത്തിയത്.

തങ്ങളുടെ വിദ്യാർത്ഥികൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും വൻ അവസരങ്ങളാണ് ഈ സഹകരണത്തിലൂടെ ലഭിക്കുകയെന്ന് എഫ്ജിവി പ്രൊഫസർ ഓഫ് മാനേജുമെൻറ് ഡോ. ഉമേഷ് മുഖി പറഞ്ഞു




# കൊച്ചി വണ്ടർല അടിപൊളിമ്പിക്സ് മഴക്കാല ചാമ്പ്യൻഷിപ്പിന് തുടക്കം കുറിച്ചു

**കൊച്ചി:** മഴക്കാല മത്സരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൊച്ചി വണ്ടർല സംഘടിപ്പിക്കുന്ന അടിപൊളിമ്പിക്സിനു തുടക്കമായി. ചലച്ചിത്ര താരവും സംവിധായകനുമായ ധ്യാൻ ശ്രീനിവാസൻ, വണ്ടർല ഹോളിഡേയ്സ് മാനേജിംഗ് ഡയറക്ടർ അരുൺ കെ ചിറ്റിലപ്പിള്ളി, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ധീരൻ ചൗധരി, കൊച്ചി വണ്ടർല പാർക്ക് മേധാവി രവികുമാർ എം എ എന്നിവർ ചേർന്ന് ചാമ്പ്യൻഷിപ്പ് ദീപശിഖ തെളിയിച്ചതോടെ ആഗസ്ത് 25 വരെ നീണ്ടു നിൽക്കുന്ന മഴക്കാലഅധിഷ്ഠിത മത്സരങ്ങൾക്ക് ആരംഭം കുറിച്ചു.

ഉദ്ഘാടനത്തോടനുബന്ധിച്ച് ധ്യാൻ ശ്രീനിവാസനും വണ്ടർല ഉദ്യോഗസ്ഥരും വിവിധ ഗെയിമുകളിൽ ആവേശത്തോടെ പങ്കെടുത്ത് മത്സരിച്ചതുംസന്ദർശകർക്ക് കൗതുകമേറിയ അനുഭവമായി. ആവേശകരവും രസകരവുമായ നിരവധി ടാസ്ക്കുകളുടെ ഒരു പരമ്പരയാണ്  അടിപൊളിമ്പിക്സ്. എല്ലാ ബുധൻ, ശനി, ഞായർ ദിവസങ്ങളിലും നടക്കുന്ന സാഹസിക ഗെയിമുകൾ ഓഗസ്റ്റ് 25ന് നടക്കുന്ന ഗ്രാൻഡ് ഫിനാലെ വരെ തുടരും. ആവേശവും മത്സരവും സൗഹൃദവും നിറഞ്ഞ മത്സരങ്ങളിലേയ്ക്ക് പ്രായഭേദമന്യേ ഏവരെയും ഒരുമിച്ച് കൊണ്ടുവരുന്ന അവിസ്മരണീയ അനുഭവമായാണ് അടിപൊളിമ്പിക്സ ഒരുക്കിയിട്ടുള്ളത്.

**അടിപൊളിമ്പിക്സിന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുള്ള ഗെയിമുകൾ ഇവയാണ്:**

1. അകാമാൻ ചലഞ്ച്: വാട്ടർ സോർബിംഗ്, റാപ്പിഡ് റിവർ റേസ്, വേവ്

പൂൾ റിലേ തുടങ്ങിയവ ഉൾപ്പെടുന്ന സമയാധിഷ്ഠിത ജല മത്സരങ്ങൾ.

2. വണ്ടർല ഡെവിൾസ് സർക്യൂട്ട്: ടീം വർക്കും ശാരീരിക ക്ഷമതയുംപരീക്ഷിക്കുന്ന ഈ വിഭാഗത്തിൽ റീക്കോയിൽ, മാവെറിക്ക്,ഇക്വിനോക്സ് എന്നീ റൈഡുകളാണ് വണ്ടർല ഒരുക്കിയിട്ടുള്ളത്. ഒപ്പം,തെന്നുന്ന പ്രതലത്തിൽ ഒറ്റക്കാലിലും രണ്ടുകാലിലും ചാടിയുള്ള കളികൾ,പുൾ ദ റഗ്, മിനി ട്രെഷർ ഹണ്ട് തുടങ്ങിയ സമയാധിഷ്ഠിതമത്സരങ്ങളും ഉൾപ്പെടും.

3. മെഗാ ഫുഡി മത്സരം:  ഒരു മിനിറ്റിൽ എത്ര ആഹാരം കഴിക്കാനാകുംഎന്ന് പരീക്ഷിക്കുന്ന മത്സരം. മത്സരാർത്ഥികളുടെ വിശപ്പും, ആഹാരംകഴിക്കുമ്പോളുള്ള വേഗതയും, വിജയ തന്ത്രവും ഒക്കെ പരീക്ഷണവിധേയമാകും ഈ സമയാധിഷ്ഠിത മത്സരത്തിൽ.

**ഗ്രാൻഡ് ഫിനാലെ സമ്മാനങ്ങൾ:**

* അക്വാ മാൻ ചലഞ്ച് വിജയിക്ക് പ്രീമിയം 350 സിസി ബൈക്ക്.

* ഡെവിൾസ് സർക്യൂട്ട് വിജയിക്കുന്ന ടീമിന് 70,000 രൂപ മൂല്യമുള്ള

**ട്രാവൽ വൗച്ചറുകൾ.**

* അക്വാ മാൻ ചലഞ്ച് 2 മുതൽ 5 വരെ സ്ഥാനം നേടുന്നവർക്ക് 30,000 രൂപ വിലവരുന്ന ഇമോട്ടോറാഡ് ഇലക്ട്രിക് സൈക്കിളുകൾ.

* ഡെവിൾസ് സർക്യൂട്ട് 2 മുതൽ 5 വരെ സ്ഥാനം നേടുന്നവർക്ക്വണ്ടർല റിസോർട്ടിൽ 1 രാത്രിയും 2 ദിവസവും സൗജന്യ താമസം.

* മെഗാ ഫുഡി മത്സരം ടൂർണമെന്റ് വിജയിക്ക് 30,000 രൂപ വിലവരുന്ന ഇലക്ട്രിക് സൈക്കിൾ.

ഇവയ്ക്കു പുറമെ, പ്രതിദിന സമ്മാനങ്ങളായി പ്രീമിയം വാച്ചുകളും ജനപ്രിയ റെസ്റ്റോറന്റുകളിലും ഡൈനിംഗ് ഔട്ട്ലെറ്റുകളിലും ഉപയോഗിക്കാവുന്ന ഡൈനിംഗ് വൗച്ചറുകളും നൽകും. ”വണ്ടർല അടിപൊളിമ്പിക്സ് കേവലം ഗെയിമുകളുടെ പരമ്പര മാത്രമല്ല, മഴക്കാലത്തിന്റെ മിഴിവാർന്ന ആഘോഷം കൂടിയാണ്. കുടുംബ സഹിതവും, കൂട്ടുകാരൊന്നിച്ചും ആനന്ദകരവും സാഹസികവുമായ ഉദാത്ത നിമിഷങ്ങൾക്ക് അരങ്ങൊരുക്കുന്ന അടിപൊളിമ്പിക്സ് കൊച്ചി വണ്ടർല സന്ദർശകർക്കായി ഒരുക്കാൻ കഴിഞ്ഞു എന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. മൺസൂൺ കാലത്തിന്റെ മാസ്മരികത ആഘോഷമാക്കാൻ ഏവർക്കും അവസരമുണ്ടാക്കുക എന്നതാണ് ഞങ്ങൾ ഒരുക്കിയിട്ടുള്ള രസകരവും ആവേശകരവുമായ മത്സരങ്ങളുടെ ലക്ഷ്യം. ഈ മത്സരങ്ങളിൽ പങ്കെടുക്കുക വഴി ഓർമ്മകളുടെ ശേഖരത്തിൽ അതുല്യമായ അനുഭവങ്ങൾ കോർത്തിണക്കാൻ അതിഥികൾക്ക് സാധ്യമാകും എന്നാണ് ഞങ്ങളുടെ പ്രതീക്ഷ, വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അരുൺ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു.‘

‘വണ്ടർലയുടെ അടിപൊളിമ്പിക്സിൽ ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ തികച്ചും ആവേശത്തിലാണ്! കുട്ടിക്കാലത്ത് വണ്ടർലസന്ദർശിച്ചപ്പോളുണ്ടായ സാഹസിക നിമിഷങ്ങളെ ഓർമ്മപ്പെടുത്തുന്ന വിധത്തിലുള്ളതാണ്  വിനോദത്തിന്റെയും ടീം വർക്കിന്റെയും മഹത്തായ ആഘോഷമായ ഈ പരിപാടി.  രസകരമായ റൈഡുകളും ആനന്ദകരമായ അനുഭവങ്ങളും തേടി സുഹൃത്തുക്കളുമൊത്ത് ഞാൻ എത്തിയിട്ടുള്ളത് വണ്ടർലയിലാണ്.  ഈ മഴക്കാല ആഘോഷപരിപാടികളിൽ പങ്കെടുക്കുന്ന ഏവരുടെയും സന്തോഷവും ആവേശവും കാണാനുള്ള ഉത്സാഹത്തിലാണ് ഞാൻ‘ അടിപൊളിമ്പിക്സിനു തുടക്കമിട്ട പരിപാടിയിൽ പങ്കെടുത്തു സംസാരിച്ച ധ്യാൻ ശ്രീനിവാസൻ അഭിപ്രായപ്പെട്ടു.

ശാരീരിക ക്ഷമതയും ടീം വർക്കും ഒത്തുചേരലും ആഘോഷമാക്കുന്ന അടിപൊളിമ്പിക്സിൽ പങ്കെടുക്കാൻ ഏവരെയും ക്ഷണിക്കുന്നു. കൊച്ചിവണ്ടർലയിൽ സന്ദർശകരെ കാത്തിരിക്കുന്ന സമ്മാനങ്ങളും അവിസ്മരണീയമായ അനുഭവങ്ങളും സ്വന്തമാക്കൂ.



# ചാമ്പയ്ക്ക; ആരോഗ്യമേന്മകളാൽ സമൃദ്ധം

ശരീരം തണുപ്പിക്കാനും ദാഹമകറ്റാനും ഉത്തമമാണ് ചാമ്പയ്ക്ക. കാര്യമായ പരിചരണമില്ലെങ്കിലും ചാമ്പ നന്നായി വളരുകയും പൂക്കുകയും കായ്ക്കുകയും ചെയ്യും. ഇന്ത്യയിൽ കേരളത്തിലും തമിഴ്നാട്ടിലുമാണ് കൂടുതലായി കൃഷി ചെയ്തു വരുന്നത്. തായ്‌ലൻഡ്, മലേഷ്യ എന്നിവിടങ്ങളിൽനിന്നുള്ള രുചികരമായ ഇനങ്ങളും കേരളത്തിൽ വളർത്തുന്നുണ്ട്. തൈകൾ നഴ്സറികളിൽ ലഭ്യവുമാണ്.

ഉഷ്ണമേഖല അർധ ഉഷ്ണമേഖലാ പ്രദേശങ്ങളിൽ ചാമ്പ നന്നായി വളരും. ചൂടും ഈർപ്പവുമുള്ള കാലാവസ്ഥയും നല്ല ഈർപ്പമുള്ള മണ്ണുമാണ് കൃഷിക്കു യോജ്യം. മണ്ണിന്റെ പിഎച്ച് മൂല്യം 5.5 നും 7.5 നും ഇടയിലാകുന്നത് വളർച്ചയ്ക്കു നല്ലത്. വിവിധതരം മണ്ണിൽ വളരുമെങ്കിലും മണൽ കലർന്ന മണ്ണിലും കളിമൺ പ്രദേശത്തും നന്നായി വളരും. തോടിന്റെയും പുഴയുടെയുമെല്ലാം സമീപം വളരുന്നവ നല്ല വിളവ് നൽകും. വിത്ത്, കമ്പ്, പതിവയ്ക്കൽ വഴിയാണ് തൈ ഉൽപാദനം. വിത്തു മുളച്ചുള്ള തൈകൾക്ക് അമ്മച്ചെടിയുടെ അതേ സ്വഭാവം ലഭിക്കണമെന്നില്ല. പതിവയ്ക്കലാണു നല്ലത്. 3 വർഷത്തിനുള്ളിൽ കായ്ക്കും . സ്ഥലപരിമിതിയുള്ളവർക്ക് അനുയോജ്യമായ പ്ലാസ്റ്റിക് പാത്രങ്ങളിൽ ടെറസിലും വളർത്താം.

വൈറ്റമിൻ എ, ബി, സി, ഇരുമ്പ്, കാത്സ്യം, മാംഗനീസ്, മഗ്നീഷ്യം, പൊട്ടാസ്യം എന്നിവയെല്ലാം അടങ്ങുന്ന പോഷകപ്പഴമാണ് ചാമ്പ. ശരീരത്തിനു വേണ്ട നല്ല കൊളസ്ട്രോൾ കൂട്ടാനും ചീത്ത കൊളസ്ട്രോൾ കുറയ്ക്കാനും ചാമ്പയ്ക്കാക്കു കഴിയും. നാരുകളും നിരോക്സീകാരികളും സമൃദ്ധമായി ഉള്ള പഴം കൂടിയാണിത്. രക്തത്തിലെ പഞ്ചസാര കുറയ്ക്കാനും ശരീരഭാരം കുറയ്ക്കാനും സഹായകം. ത്വക്ക്, മുടി, എല്ല്, കണ്ണ്, ഹൃദയം എന്നിവയുടെ ആരോഗ്യം സംരക്ഷിക്കും. കരളിന്റെയും വൃക്കയുടെയും പ്രവർത്തനം, ശരീരത്തിന്റെ രോഗപ്രതിരോധശേഷി എന്നിവ വർധിപ്പിക്കാനും ഗുണകരം.

നാടൻ ചാമ്പയ്ക്കയിനങ്ങൾ കുരുവുള്ളവയാണ്. തായ്‌ലൻഡ്, മലേഷ്യ എന്നിവിടങ്ങളിൽനിന്നുള്ള, കുരുവില്ലാത്തതും വിവിധ നിറങ്ങളിലുള്ളതുമായ ഇനങ്ങൾ ഇപ്പോൾ കേരളത്തിൽ ലഭ്യമാണ്. ഇളം പച്ച, കടും പച്ച, റോസ്, പച്ചയും പിങ്കും ചേർന്നത്. ചുമപ്പ്, മെറൂൺ തുടങ്ങി പല നിറങ്ങളിലുള്ള ഇനങ്ങൾ കണ്ടുവരുന്നു. ചാമ്പയ്ക്ക അരിഞ്ഞ് മുളകുപൊടിയും ഉപ്പും ചേർത്തു കഴിക്കുന്നത് ആസ്വാദ്യകരമാണ്. അച്ചാർ, ജൂസ്, ജെല്ലി, വൈൻ എന്നിവയും ഉണ്ടാക്കാം

**നടീൽ, വളപ്രയോഗം**

നന്നായി സൂര്യപ്രകാശം ലഭിക്കുന്ന തുറസ്സായ സ്ഥലം കൃഷിക്കായി തിരഞ്ഞെടുക്കാം. നിലം നന്നായി കിളച്ചൊരുക്കി 3 മുതൽ 5 മീറ്റർ വരെ അകലത്തിൽ കുഴികൾ എടുക്കണം. 1x1x1 മീറ്റർ വലുപ്പത്തിൽ കുഴികൾ എടുത്ത് മേൽമണ്ണും ട്രൈക്കോഡെർമ ചേർത്ത് സമ്പുഷ്ടീകരിച്ച ചാണകവും ചേർക്കണം. ഇതിൽ അൽപം വാം കൂടി ചേർത്തശേഷം ആരോഗ്യമുള്ള, നന്നായി വേരുപിടിച്ച തൈകൾ നടണം.



കായ്ക്കാത്ത മരങ്ങൾക്ക് വർഷത്തിൽ 20 കിലോ, കായ്ച്ചു തുടങ്ങിയവയ്ക്ക് 50 കിലോ എന്ന കണക്കിൽ ട്രൈക്കോഡെർമ ചേർത്ത് സമ്പുഷ്ടീകരിച്ച ചാണകം വർഷത്തിലൊരിക്കൽ നൽകിയാൽ വിളവു വർധിക്കും. വേപ്പിൻപിണ്ണാക്കും കടലപ്പിണ്ണാക്കും (ഒരു കിലോയ്ക്ക് 10 ലിറ്റർ വെള്ളം എന്ന അനുപാതത്തിൽ) ഒരുമിച്ച് കുതിർത്ത് (യഥാക്രമം 1 കിലോ+ 1 കിലോ + 20 ലിറ്റർ) 3,4 ദിവസം പുളിപ്പിച്ച് മാസത്തിലൊരിക്കൽ ചെടിക്കു ചുവട്ടിൽ ഒഴിക്കുന്നത് കായ്ഫലം കൂട്ടും. (500 ഗ്രാം ശർക്കര കൂടി ചേർത്ത് പുളിപ്പിക്കുന്നത് കൂടുതൽ നല്ലത്) സൂക്ഷ്മമൂലകങ്ങളുടെ കുറവുണ്ടെങ്കിൽ 50 ഗ്രാം 10 ലീറ്റർ വെള്ളത്തിൽ നേർപ്പിച്ച് ചുവട്ടിൽ ഒഴിച്ചുകൊടുക്കുക.

പൂക്കുന്ന കാലത്ത് കാത്സ്യം നൈട്രേറ്റ് 30 ഗ്രാം ഒരു ലിറ്റർ വെള്ളത്തിലും ബൊറോൺ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിലും കലക്കി മണ്ണിൽ ഒഴിച്ചു കൊടുക്കുക. ചെറിയ മരമെങ്കിൽ കാത്സ്യം നൈട്രേറ്റ് 3 ഗ്രാം, ബൊ റോൺ ഒരു ഗ്രാം എന്ന ക്രമത്തിൽ ഓരോ ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. തളിരിലപ്പരുവത്തിൽ ഇലതീനി, ഇലചുരുട്ടി പുഴുക്കളുടെ ആക്രമണമുണ്ടായാൽ ഫെർറ്റെറ 10,25 ഗ്രാം (മരത്തിന്റെ വലുപ്പമനുസരിച്ച്) ചുവട്ടിൽ നൽകി നന്നായി നനച്ചു കൊടുക്കുക. കായ്തുരപ്പൻപുഴുശല്യമുള്ള പ്രദേശങ്ങളിൽ വേപ്പിൻകുരു സത്ത് (50 ഗ്രാം ഇടിച്ചുപൊടിച്ച് ഒരു ലിറ്റർ വെള്ളത്തിൽ12 മണിക്കൂർ കുതിർത്ത്) തളിക്കുക

# ശംഖുപുഷ്പം: ഔഷധത്തിനും ആരോഗ്യത്തിനും



ഔഷധമേന്മയും ആരോഗ്യഗുണവുമുള്ള ശംഖുപുഷ്പം ഉഷ്ണമേഖലാപ്രദേശത്ത് തനിയെ മുളച്ചു വളർന്ന് നശിക്കുന്ന സസ്യമാണ്. പഴയകാലത്ത് നീല, വെള്ള നിറത്തിലുള്ളവയെ മാത്രമേ കണ്ടിരുന്നുള്ളൂ. ഇന്ന് പല നിറത്തിലും കാണപ്പെടുന്നു. എന്നാൽ, ഔഷധ നിർമാണത്തിൽ നീലയും വെള്ളയും മാത്രമേ ഉപയോഗിക്കുകയുള്ളൂ. ഔഷധത്തിനായി ഇലയും തണ്ടും വേരും സമൂലവും വേര് ഒറ്റയ്ക്കും ഉപയോഗിക്കുന്നു.

വിത്തുകൾ വഴിയാണ് വംശവർധന. ഒരു കായയിൽ പത്തോളം വിത്തുകളുണ്ടാവും. ഇവയ്ക്കു തവിട്ട്, കറുപ്പ് നിറങ്ങളാണ്. താങ്ങു കിട്ടിയാൽ വളർന്നു പന്തലിച്ച് എപ്പോഴും പൂക്കൾ ഉണ്ടാകും. ചെടി വർഷങ്ങളോളം നിലനിൽക്കും. വേലിച്ചെടിയായും അലങ്കാരച്ചെടിയായും ഔഷധത്തിനു വേണ്ടിയും വളർത്തുന്നു. നീല ശംഖുപുഷ്പസേവ ഓർമശക്തിക്കു വിശേഷപ്പെട്ടതെന്നു നാട്ടറിവ്. പുഷ്പങ്ങൾ പാനീയമാക്കിയും കഴിക്കാം.

നീലശംഖുപുഷ്പം ഇട്ട് തിളപ്പിച്ചു തണുപ്പിച്ച വെള്ളം കൊണ്ടു മുഖം കഴുകിയാൽ കൺകുരു മാറും. ശംഖുപുഷ്പജലം ദിവേസന കുടിച്ചാൽ സൗന്ദര്യവും രോഗപ്രതിരോധ ശേഷിയും കൂടുമെന്നും ആയുർവേദം.

പച്ചവേര് വെളിച്ചെണ്ണയിൽ അരച്ച് വെറും വയറ്റിൽ പതിവായി കഴിച്ചാൽ കുട്ടികൾക്ക് ഓർമശക്തി കൂടും. ശംഖുപുഷ്പവേര് കഷായം വച്ച് ഉന്മാദരോഗികൾക്കും ശ്വാസകോശരോഗികൾക്കും ഉറക്കം കുറഞ്ഞവർക്കും നൽകിവന്നിരുന്നു. വേര് പാലിൽ അരച്ചു കലക്കി കുടിച്ചാൽ വയറിളക്കാം˙. തൊണ്ടവീക്കം, പനി, ശരീരബലം, സ്ത്രീകളുടെ ലൈംഗിക അസുഖങ്ങൾ എന്നിവയ്ക്കു മരുന്നാണ്.



# നൂതനസാങ്കേതികവിദ്യയിലൂടെ സാമൂഹ്യമാറ്റം; ഇഡിസി 2.0 ആയി കേരള സ്റ്റാർട്ടപ്പ് മിഷൻ

**കൊച്ചി:** സംസ്ഥാനത്തെ പതിന്നാല് ജില്ലകളെയും നൂതനത്വത്തിൻറെ കേന്ദ്രങ്ങളാക്കി മാറ്റി അതു വഴി സംരംഭകത്വവും സാങ്കേതികവിദ്യയി അധിഷ്ഠിതമായ സാമൂഹ്യമാറ്റവും ലക്ഷ്യമിട്ട് ഐഇഡിസി 2.0(ഇനോവേഷൻ ആൻഡ് ഒൺട്രപ്രണർഷിപ്പ് ഡെവലപ്മൻറ് സെൻറർ) യ്ക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ തുടക്കം കുറിച്ചു. വിദ്യാർഥിഗവേഷക സമൂഹത്തിൽ നിന്നും കൂടുത സംരംഭകരെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിലേക്ക് കൊണ്ടു വരികയും അതു വഴി സംസ്ഥാനത്ത് സാങ്കേതികസാമ്പത്തിക നിക്ഷേപത്തി ഗണ്യമായ മാറ്റംവരുത്തുകയുമാണ് ലക്ഷ്യമിടുന്നത്.കേരളത്തിൻറെ സംരംഭകത്വ വിഭവശേഷി പൂർണമായും വിനിയോഗിക്കാനുള്ള സുപ്രധാനമായ കാ വയ്പാണ് ഐഇഡിസി 2.0 യെന്ന് കെഎസ്യുഎം സിഇഒ അനൂപ് അംബിക പറഞ്ഞു. സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ എല്ലാ തലങ്ങളിലുമുള്ള പങ്കാളികളെ ശക്തിപ്പെടുത്തുന്നതു വഴി, സഹകരണം, സാമൂഹ്യമാറ്റങ്ങൾ, സുസ്ഥിര വികസനം, ശോഭനമായ ഭാവി എന്നിവ സമൂഹത്തിന് ന കാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

താഴെത്തട്ട് മുതലുള്ള പ്രതിസന്ധി പരിഹാരത്തിന് വിദ്യാർഥികളുടെ സക്രിയമായ പങ്കാളിത്തം ഉറപ്പാക്കുക, സാമൂഹ്യമാറ്റത്തിൻറെ ഏജൻസികളായി മാറുക, വിദ്യാർഥികളുടെയും അധ്യാപക, ഗവേഷക സമൂഹത്തിൻറെയും ക്രയശേഷി വർധിപ്പിക്കുക, വ്യവസായ സഹകരണം വർധിപ്പിക്കുക, മിനി വ്യവസായപാർക്കുകൾ എന്നിവയാണ് ഐഇഡിസി 2.0 ലൂടെ ലക്ഷ്യം വയ്ക്കുന്നത്.

ഓരോ ജില്ലകളിലും ഐഇഡിസി ക്ലസ്റ്ററുകൾ വരുന്നതോടെ സ്റ്റാർട്ടപ്പുകൾക്ക് ആശയങ്ങൾ പങ്കുവയ്ക്കാനും, സംശയനിവാരണത്തിനും, നിക്ഷേപ സമാഹരണത്തിനും കൂടുത അവസരം കൈവരും. പ്രാദേശികതലത്തിലുള്ള പ്രശ്നപരിഹാരത്തിന് വിദ്യാർഥികൾക്ക് കൂടുത പങ്കാളിത്തം ലഭിക്കും. ലീപ്പ് സെൻററുകൾ, ടിബിഐകൾ മുതലായവ കൂടുത ശക്തിപ്രാപിക്കും. സാമൂഹ്യമാറ്റത്തിന് കാരണമാകുന്ന സംരംഭകരെ പരിപോഷിപ്പിക്കാനും പദ്ധതിയുണ്ട്.

പ്രാദേശികതലം മുത നൂതനത്വത്തിൻറെ കടന്നുകയറ്റത്തോടെ താഴെത്തട്ട് മുതൽ അവസരങ്ങളും പദ്ധതികളും വർധിക്കും. പ്രാദേശികതലം മുത നൈപുണ്യശേഷിയുള്ള തൊഴി അന്തരീക്ഷം സൃഷ്ടിക്കും. പ്രാദേശികമായ സ്റ്റാർട്ടപ്പുകൾക്കും വ്യവസായ യൂണിറ്റുകൾക്കും ദേശീയ അന്തർദേശീയ വിദഗ്ധരുമായി കൂടിക്കാഴ്ച, ആശയവിനിമയം, വിദഗ്ധോപദേശം എന്നിവയ്ക്കുള്ള അവസരം ലഭിക്കുമെന്നതും ഐഇഡിസി 2.0 ൻറെ പ്രത്യേകതകളാണ്.

വിവിധ ജില്ലകളി നിന്നായി ഇതുവരെ 200ഓളം സ്റ്റാർട്ടപ്പുകളാണ് ഐഇഡിസികളിൽ നിന്നും രജിസ്റ്റർ ചെയ്തിരിക്കുന്നത്. അത് തന്നെ ഏറെ ശ്രദ്ധേയമാണ് മാൻഹോളുകളിലിറങ്ങി മാലിന്യം ശേഖരിക്കുന്ന റോബോട്ടിനെ വികസിപ്പിച്ചെടുത്ത ജെൻറോബോട്ടിക്സ് പോലുള്ള സ്റ്റാർട്ടപ്പുകൾ. ഐഇഡിസി സ്റ്റാർട്ടപ്പുകളിലൂടെ 3000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞു.

# ആൻഡമാൻ ദ്വീപുകളിൽ ഇൻഡെൽമണിക്ക് ആറ് പുതിയ ശാഖകൾ

**കൊച്ചി:** പ്രമുഖ സ്വർണ്ണ വായ്പാ സ്ഥാപനവും ബാങ്കിംഗ് ഇതര ധനകാര്യ കമ്പനിയുമായ ഇൻഡെൽ മണി ആൻഡമാൻ ദ്വീപ സമൂഹത്തിൽ ആറു ശാഖകൾ തുറന്നു.

ഗരചരാമ, ജംഗ്ലിഘട്ട്, വിംബർലി ഗഞ്ച്, ഹദ്ദോ, അബർദീൻ ബസാർ, പ്രോതാരാപൂർ എന്നിവിടങ്ങളിലായി പുതിയ ശാഖകളുടെ ഉദ്ഘാടനം കമ്പനി ചെയർമാൻ മോഹനൻ ഗോപാല കൃഷ്ണൻ നിർവഹിച്ചു.

ടൂറിസം ഉൾപ്പടെയുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ സജീവമാണെങ്കിലും ജനങ്ങൾക്ക് മതിയായ ധനകാര്യ സേവനങ്ങൾ ലഭ്യമല്ലാത്ത ആൻഡമാൻ മേഖലയുടെ വളർച്ചയ്ക്കനുയോജ്യമായ സാമ്പത്തിക സേവനം ഉറപ്പാക്കുകയാണ് ഇൻഡെൽ മണിയുടെ ലകഷ്യമെന്ന് കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ ഉമേഷ് മോഹനൻ പറഞ്ഞു.

ഇൻഡെൽ മണിയുടെ 300 ാമത് ശാഖ ഈയിടെ അഹമ്മദാബാദിൽ തുറന്നിരുന്നു. ഗുജറാത്ത്, ഒഡീഷ, മഹാരാഷ്ട്ര, മധ്യപ്രദേശ്, ദെൽഹി, യുപി, ഹരിയാന, കർണാടക, തമിഴ്നാട് , ആന്ധ്ര പ്രദേശ് , തെലങ്കാന, പുതുച്ചേരി, കേരളം എന്നിവിടങ്ങളിൽ ഇൻഡെൽ മണി ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. അടുത്ത പാദത്തോടെ രാജസ്ഥാൻ, പശ്ചിമ ബങ്കാൾ എന്നിവിടങ്ങളിലും ശാഖകൾ നിലവിൽ വരും. ഇടപാടുകാർക്ക് സൗകര്യപ്രദമായ വിധം വൈവിധ്യമാർന്ന സ്വർണാഭരണ വായ്പാ പദ്ധതികളാണ് ഇൻഡെൽ മണിയുടേത്.

# മിൽമയുടെ കാലാവസ്ഥാവ്യതിയാന ഇൻഷൂറൻസ് കർഷകർക്ക് 45 ലക്ഷം രൂപ വിതരണം ചെയ്യും

**കൊച്ചി:** അന്തരീക്ഷത്തിലെ താപനിലയിൽ ഉണ്ടാകുന്ന വ്യതിയാനത്തിന് അനുസരിച്ച് കറവ പശുക്കളിൽ ഉണ്ടാകുന്ന ഉൽപാദനക്കുറവിന് മിൽമ എറണാകുളം മേഖലാ യൂണിയൻ നടപ്പിലാക്കിയ ഇൻഷൂറൻസ് പരിരക്ഷാ പദ്ധതി പ്രകാരം 45 ലക്ഷം രൂപ മേഖലായൂണിയനിലെ കർഷകർക്ക് ക്ലെയിം ആയിവിതരണം ചെയ്യുമെന്ന് മേഖലാ യൂണിയൻ ചെയർമാന് എം.ടി.ജയൻ അറിയിച്ചു. ഒരു കറവ പശുവിന് 99 രൂപ പ്രീമിയം എന്ന നിരക്കിൽ മേഖലാ യൂണിയന് കീഴിൽ വരുന്ന തൃശ്ശൂർ, എറണാകുളം, കോട്ടയം , ഇടുക്കി എന്നീ നാല് ജില്ലകളിലെ പ്രാഥമിക സംഘങ്ങളിലെ ക്ഷീരകർഷകരുടെ 24000 കറവ പശുക്കളെയാണ് ഏപ്രിൽ 1 മുതൽ മെയ്യ് 31 വരെ രണ്ട് മാസകാലത്തേക്ക് ഇൻഷൂർ ചെയ്തിരുന്നത്.

24 ലക്ഷം രൂപയോളം പ്രീമിയമായി ചെലവ് വന്ന ഈ പദ്ധതിയിൽ പ്രീമിയം തുകയുടെ അമ്പത് ശതമാനം മേഖലയൂണിയൻ നൽകുകയും, ബാക്കി തുക ഗുണഭോക്തൃവിഹിതമായി സമാഹരിച്ചുമാണ് പദ്ധതി നടപ്പാക്കിയത്. ഇത്പ്രകാരം പദ്ധതിയിൽ മാനദണ്ഡമായി പ്രഖ്യാപിച്ചിരുന്ന താപനിലയിൽ നിന്നും തുടർച്ചയായി ദിവസങ്ങളിൽ ഉണ്ടാകുന്ന ഉയർച്ച കണക്കാക്കിയാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത്. ആലുവ താലൂക്കിലെ കർഷകർക്കാണ് ഏറ്റവും കൂടുതൽ ക്ലെയിം അനുവദിച്ചത്. ഉരു ഒന്നിന് 2000/ രൂപ വീതമാണ് ഇവിടുത്തെ കർഷകർക്ക് അനുവദിച്ചത്. ചാവക്കാട് താലൂക്കിൽ 1000/ രൂപ വീതവും, കുന്നംകുളം , ഇടുക്കി താലൂക്കുകളിൽ 400/ രൂപ വീതവും പീരുമേട് താലൂക്കിൽ 200/ രൂപ വീതവുമാണ് ക്ലെയിം അനുവദിച്ചത്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com